**ദി റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്**
**പുനലൂർ 691 305,**
**കൊല്ലം ജില്ല**
ഫോൺ : 0475 — 2222971, 2222972, 2222973 email : mdrplpunalur@gmail.com

ആർ.പി.എൽ/സെയിൽസ്/182/2024/945 22/07/2024

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ അധീനതയിലുള്ള
എൽ സി ഫാക്ടറിയിലെ Sludge വില്പനയ്ക്ക്

എൽ.സി ഫാക്ടറിയിലെ Latex Processing ന് ശേഷം De-Ammoniation ടാങ്കിൽ ഉണ്ടായ Sludge വാരി ഫാക്ടറിക്ക്പുറത്ത് ഇട്ടിരിക്കുന്നത് (ഉദ്ദേശം 15000 Kg) കൊണ്ടുപോകുന്നതിനും, De-Ammoniation ടാങ്കിൽ കിടക്കുന്ന/ഉണ്ടാകാവുന്ന Sludge നേരിട്ട് വാരികൊണ്ടുപോകുന്നതിനും (ഉദ്ദേശം 30000kg) അടുത്ത ഒരു വർഷത്തേക്കുള്ള കരാർ നൽകുന്നതിനായി പാർട്ടികളിൽ നിന്നും കൊട്ടേഷൻ ക്ഷണിക്കുന്നു. **കൊട്ടേഷനുകൾ 5,000/- രൂപ നിരതദ്രവ്യം സഹിതം 08/08/2024 പകൽ 11.30** മണിയ്ക്ക് മുൻപായി ഹെഡ് ഓഫീസിൽ എത്തിക്കേ താണ്. **കൊട്ടേഷനുകൾ** അന്നേ ദിവസം പകൽ **12.30** മണിയ്ക്ക് തുറക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് കമ്പനിയുടെ ഹെഡ് ഓഫീസുമായി ബന്ധപ്പെടുകയോ, വെബ്സൈറ്റ് www.rplkerala.com സന്ദർശിക്കുകയോ ചെയ്യുക.

ഒപ്പ്

**മാനേജിങ് ഡയറക്ടർ**

NB:- **ദർഘാസ്-ലേല തീയതി അവധി ദിവസമായി പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവൃത്തി ദിവസം പ്രസ്തുത സമയത്തും സ്ഥലത്തും ദർഘാസ് ലേലം നടത്തുന്നതായിരിക്കും.**

**ദി റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്**
**പുനലൂർ 691 305,**
**കൊല്ലം ജില്ല**

ആർ.പി.എൽ/സെയിൽസ്/182/2024/945 22/07/2024

**റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ അധീനതയിലുള്ള എൽ സി ഫാക്ടറിയിലെ Sludge വിൽക്കുന്നത് സംബന്ധിച്ച് ദർഘാസ് ലേലപരസ്യം അനുസരിച്ച വ്യവസ്ഥകൾ**

1. കമ്പനിയുടെ എൽ സി ഫാക്ടറിയിൽ Latex Processing ന് ശേഷം ടാങ്കിൽ നിന്നും വാരി പുറത്തു ഇട്ടിരിക്കുന്ന sludge ഉദ്ദേശം 15000Kg യും കൂടാതെ കമ്പനിയുടെ ടാങ്കിൽ കിടക്കുന്ന/ഉണ്ടാകാവുന്ന sludge (ഉദ്ദേശം 30000Kg) ഒരു വർഷത്തേക്ക് സ്വന്തം ചിലവിൽ മാനേജരുടെ നിർദ്ദേശപ്രകാരം ടാങ്കിൽ നിന്നും സമയാസമയങ്ങളിൽ വാരി പുറത്തിട്ട് ലോഡ് ആകുമ്പോൾ കൊണ്ടുപോകുന്നതിന് കൊട്ടേഷൻ സ്വീകരിക്കുന്നു.

2. കമ്പനിയുടെ എൽ സി ഫാക്ടറിയിലെ sludge ന്റെ കൊട്ടേഷനിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിയിൽ നിന്നും നിലവിലെ അവസ്ഥ അനുസരിച്ച് sludge എടുത്തു മാറ്റുന്നതിന് കൊട്ടേഷൻ സ്വീകരിക്കുന്നു. പ്രസ്തുത വ്യക്തി sludge ന്റെ ഗുണനിലവാരവും തൂക്കവും ഉറപ്പുവരുത്തി തൃപ്തിപ്പെടേണ്ടതാണ്. അതിനുശേഷം അവയുടെ ഗുണനിലവാരത്തെപ്പറ്റിയുള്ള യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

3. വില്പന സമയത്ത് നിലവിലുള്ള റേറ്റ് അനുസരിച്ചുള്ള ചരക്ക് സേവന നികുതി (GST)/ഡ്യൂട്ടീസ് കൊടുക്കുവാൻ വാങ്ങുന്ന ആൾ ബാദ്ധ്യസ്ഥനാണ്.

4. ദർഘാസിൽ കാണിച്ചിരിയ്ക്കുന്ന റേറ്റ് ചരക്ക് സേവന നികുതി കൂടാതെ ഉള്ളതായിരിക്കേണ്ടതും, വില ഒരു കിലോയ്ക്ക് എത്രയെന്ന് കാണിച്ചിരിക്കേ ണ്ട തുമാണ്.

5. ദർഘാസ് ലേല തീയതി അവധി ദിവസമായി പ്രഖ്യാപിക്കപ്പെട്ടാൽ അടുത്ത പ്രവൃത്തി ദിവസം പ്രസ്തുത സമയത്തും സ്ഥലത്തും ദർഘാസ് ലേലം നടത്തുന്നതായിരിക്കും.

6. യാതൊരു കാരണവും കാണിക്കാതെ ഏതൊരു ദർഘാസും ലേലവും സ്വീകരിക്കുവാനും നിരസിക്കുവാനുമുള്ള അധികാരം കമ്പനിയുടെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

7. നിരതദ്രവ്യമായ **₹5,000**/ (**അയ്യായിരം** രൂപ) കമ്പനിയുടെ പേരിൽ പുനലൂരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായി നൽകേണ്ടതാണ്. ഏറ്റവും കൂടുതൽ തുക ദർഘാസ് സമർപ്പിച്ച/ ലേലം വിളിച്ച വ്യക്തി അപ്പോൾ തന്നെ ദർഘാസ് സമർപ്പിച്ച/ ലേലം വിളിച്ച മൊത്തം തുകയുടെ 15% സെക്യൂരിററി ഡെപ്പോസിറ്റായി (നിരതദ്രവ്യം ഉൾപ്പടെ) കമ്പനിയുടെ പേരിൽ അടക്കേ താണ്. സ്വീകരിയ്ക്കപ്പെടാത്ത ദർഘാസുകളുടെ നിരതദ്രവ്യം പലിശ കൂടാതെ കരാർ ഉറപ്പിച്ചതിനുശേഷം തിരികെ നൽകുന്നതാണ്. നിരതദ്രവ്യം കൂടാതെയുളള ക്വൊട്ടേഷനുകൾ നിരസിക്കുന്നതാണ്. നിരതദ്രവ്യം അടച്ചതിന്റെ വിശദാംശങ്ങൾ ദർഘാസിൽ കാണിച്ചിരിക്കണം.

8. ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്ത വ്യക്തി / സ്ഥാപനത്തിന് വിൽപ്പന സംബന്ധമായ അറിയിപ്പ് കമ്പനി നൽകുന്നതോടുകൂടി കരാർ നിലവിൽ വരുന്ന തായിരിക്കും. വിൽപ്പന സംബന്ധമായ അറിയിപ്പ് കിട്ടി ഏഴ് ദിവസത്തിനുള്ളിൽ **₹**200/- രൂപയുടെ മുദ്രപ്പത്രത്തിൽ ഉടമ്പടി എഴുതി ഒപ്പിടേണ്ട താണ്. ആദായനികുതി പാൻകാർഡും ഹാജരാക്കേണ്ടതാണ്.

9. നോട്ടിഫിക്കേഷനിൽ പറഞ്ഞിരിയ്ക്കുന്ന അളവ് ഉദ്ദേശവും വ്യത്യാസം വരാവുന്നതുമാണ്. വാങ്ങിയ്ക്കുന്ന ആൾ കച്ചവടം ഉറപ്പാക്കിയതു സംബന്ധിച്ച് കമ്പനിയിൽനിന്നും അയയ്ക്കുന്ന കത്തിൽ പറയുന്ന അളവുകൾക്ക് പണം അടയ്ക്കേണ്ടതാണ്.

10. **പ്രസ്തുത കരാർ അവസാനിക്കുന്ന കാലയളവ് വരെ കമ്പനിയിൽ നിന്നുള്ള** ഇതുസംബന്ധമായ അറിയിപ്പ് തീയതി മുതൽ 25 ദിവസത്തിനുള്ളിൽ വാങ്ങിയ്ക്കുന്ന ആൾ മുഴുവൻ പണവും അടച്ച് കരാറിൽ ഉൾപ്പെട്ട ചരക്ക് കരാറുകാരന്റെ ചെലവിൽ മാറ്റേണ്ടതാണ്.

11. മേൽപ്പറഞ്ഞിരിയ്ക്കുന്ന പ്രകാരം കരാറ് വയ്ക്കുന്നതിനോ പണം അടയ്ക്കുന്നതിനോ ഏതെങ്കിലും വ്യവസ്ഥകൾ പാലിക്കുന്നതിലോ വീഴ്ച വരുത്തിയാൽ വിൽപ്പന സ്ഥിരപ്പെടുത്തിയ ആളിന്റെ അതായതു കരാറു കാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെൻഡറിൽ ഉൾപ്പെട്ട Sludge വിൽക്കുന്നതിന് കമ്പനിയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇപ്രകാരം വിൽപന നടത്തേണ്ടിവന്നാൽ ആയതിനുള്ള പരസ്യക്കൂലി ചെലവായാൽ അതും പുനർ വിൽപനയിൽ ആദ്യ ദർഘാസ് ലേലത്തേക്കാൾ കുറഞ്ഞ തുകയാണ് കമ്പ നിക്ക് ലഭിക്കുന്നതെങ്കിൽ ആ കുറവും മെറ്റീരിയൽ എടുത്തുമാറ്റുന്ന തീയതി വരെയുള്ള തറവാടകയും ഇതുമൂലമുണ്ടാകുന്ന മറ്റു കഷ്ടനഷ്ടങ്ങളും കരാറു കാരനിൽ നിന്നും ഈടാക്കുന്നതായിരിക്കും. ഇങ്ങനെ വരുന്ന സാഹചര്യത്തിൽ ടി വ്യക്തിയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് കമ്പനിയുടെ പേരിൽ മുതൽകൂട്ടുന്നതും കമ്പനിയ്ക്കുണ്ടായ കഷ്ട നഷ്ടങ്ങൾ നിയമനടപടികളിലൂ ടെയോ റവന്യൂ റിക്കവറി നടപടികളിലൂടെയോ ടെൻഡർ എടുത്ത ആൾക്ക് ആർ. പി.എൽ - ൽ നിന്നും ഡ്യൂ ആയിരിക്കുന്ന മറ്റു തുകയിൽ നിന്നോ ഈടാക്കുന്ന താണ്.

12. സെക്യുരിറ്റി ഡെപ്പോസിറ്റ് കരാറുപ്രകാരം Sludge നീക്കം ചെയ്ത് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് **ഫാക്ടറിയിൽ** നിന്ന് ലഭിച്ചതിന് ശേഷം സർട്ടിഫിക്കറ്റിന്റെ അടി സ്ഥാനത്തിൽ മടക്കി നൽകുന്നതായിരിക്കും.

13. കരാറുകാരന്റെയോ അയാൾ ഏർപ്പെടുത്തിയ തൊഴിലാളികളുടേയോ പ്രവൃത്തിമൂലമോ അശ്രദ്ധമൂലമോ എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ കരാറുകാരൻ ആയതിന് പൂർണ്ണ ഉത്തരവാദി ആയിരിക്കും. ടി പ്രവൃത്തി മൂലമു ണ്ടാകുന്ന നാശനഷ്ടങ്ങൾ കമ്പനി നിജപ്പെടുത്തി കരാറുകാരനിൽ നിന്നും ഈടാക്കുന്ന തായിരിക്കും.

14. **കമ്പനിയിൽ നിന്നുള്ള അറിയിപ്പ്** തീയതി മുതൽ 25 ദിവസത്തിനുള്ളിൽ **ഫാക്ടറിക്ക് പുറത്തു ഇട്ടിരിക്കുന്ന** മുഴുവൻ Sludge ഉം നീക്കം ചെയ്ത്കൊണ്ട്

പോകാത്തപക്ഷം ഒരു മെട്രിക് ടൺ Sludge ന് പ്രതി ദിവസം **₹.10**/ (പത്ത് രൂപ) നിരക്കിൽ തറവാടക ഈടാക്കുന്നതും ആയിരിയ്ക്കും. എന്നാൽ മുഴുവൻ തുകയും അടച്ച തീയതി മുതലുള്ള തറവാടക യുക്തമായ കാരണങ്ങളാൽ ഒഴിവാക്കാനുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

15. **ടാങ്കിൽ ഉണ്ടാകുന്ന** Sludge കരാറുകാരന്റെ തൊഴിലാളികളെ **ഉപയോഗിച്ച് നീക്കം ചെയ്യുന്നതിന് മാനേജരുടെ അറിയിപ്പ് കിട്ടി** 10 ദിവസത്തിനകം Sludge കരാറുകാരന്റെ തൊഴിലാളികളെ **ഉപയോഗിച്ച് ടാങ്കിൽ നിന്നും നീക്കം ചെയ്തു കൊടുക്കേണ്ടതാണ് . ഇപ്രകാരം നീക്കം ചെയ്ത** Sludge **ഉദ്ദേശം ഒരു ലോഡ് ആകുമ്പോൾ മാനേജരുടെ അറിയിപ്പ് ലഭിക്കുന്നതാണ്. ടി അറിയിപ്പ് തീയതി മുതൽ** 25 ദിവസത്തിനകം കരാറുകാരന്റെ തൊഴിലാളികളെ **ഉപയോഗിച്ച് മുഴുവൻ** Sludge ഉം **നീക്കം ചെയ്യേണ്ടതാണ്.**

16. ഈ ദർഘാസ്/ലേലം സംബന്ധിച്ചുള്ള തർക്കങ്ങളിൽ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിയ്ക്കും.

17. ദർഘാസിൽ കാണിച്ചിരിക്കുന്ന റേറ്റ് ദർഘാസ്/ലേല വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കണം.
18. പ്രത്യേക വ്യവസ്ഥകൾ എന്തെങ്കിലും ദർഘാസിൽ, അത് സമർപ്പിക്കുന്നയാൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ അത് കമ്പനി അനുവദിച്ചതായി എഴുതി അറിയിക്കാത്തിടത്തോളം കമ്പനിക്ക് ബാധകമായിരിക്കുന്നതല്ല.

19. ഒരേ റേറ്റിൽ കൂടുതൽ ആളുകൾ ദർഘാസ് കൊടുത്തിട്ടു ണ്ടെങ്കിൽ ഇതു സംബന്ധമായ മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.

20. കമ്പനി/സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ തയ്യാറാക്കിയ ദർഘാസുകൾ നിശ്ചിത നിരതദ്രവ്യത്തോടും എല്ലാ പേജിലും ഒപ്പിട്ട വ്യവസ്ഥകളോടും ഒപ്പം. **08/08/2024 .ന് പകൽ 11.30** മണിയ്ക്ക് മുൻപായി പുനലൂരിലുള്ള കമ്പനിയുടെ ഹെഡ് ആഫീസിൽ എത്തിച്ചിരിക്കേ താണ്. ദർഘാസ് തന്നവരുടെ/അവർ അധികാരപ്പെടുത്തിയ വ്യക്തികളുടെ സാന്നിദ്ധ്യത്തിൽ **12.30** മണിയ്ക്ക് **ദർഘാസ്** - ലേലം നടത്തുന്നതായിരിക്കും.

21. കരാറുകാരന്റെയോ കമ്പനിയുടെയോ തൊഴിലാളികളുടെ സമരം, തീപിടുത്തം മുതലായവ മൂലമോ കരാറുകാരന്റെയോ കരാറുകാരന്റെ തൊഴിലാളികളുടെയോ ഏതെങ്കിലും പ്രവർത്തി മൂലമോ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കമ്പനി യാതൊരുകാരണവശാലും നഷ്ടപരിഹാരം നൽകുന്നതല്ല. കരാറുകാരന്റെ തൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ, നഷ്ടപരിഹാരമോ നല്കുന്നതിന് കമ്പനിക്ക് ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

22. ദർഘാസിൽ തിരുത്തലുകളോ ഓവർ റൈറ്റിംങ്ങോ വരുവാൻ പാടില്ല അഥവാ എന്തെങ്കിലും തിരുത്തേണ്ടി വന്നാൽ ആ തിരുത്തിൽ ദർഘാസ് ഒപ്പിടുന്നയാൾ ഇനീഷ്യൽ ചെയ്തിരിക്കണം.

23. ടെൻഡർ സമർപ്പിക്കുന്ന വ്യക്തി അവരെ തിരിച്ചറിയുന്നതിലേയ്ക്കായി വില്ലേജ് ആഫീസറിൽ നിന്നും സ്ഥിരതാമസ സർട്ടിഫിക്കറ്റ്/ഇലക്ഷൻ ഐഡന്റിറ്റി കാർഡ്/പാസ്പോർട്ട്/ ആധാർ ഇവയിൽ ഏതെങ്കിലും ഒന്നിന്റെ കോപ്പി ദർഘാസ്/ലേല വ്യവസ്ഥകളോടൊപ്പം സമർപ്പിക്കണം. പാർട്ണർഷിപ്പ് ഫേമാണെങ്കിൽ പാർട്ണർഷിപ്പ് ഡീഡും കമ്പനിയാണെങ്കിൽ മെമ്മോറാണ്ടം &ആർട്ടിക്കിൾസ് ഓഫ് അസ്സോസിയേഷനും ടെൻഡർ സമർപ്പിക്കാനുള്ള ഓതറൈസേഷനും ടെൻഡറിനൊപ്പം സമർപ്പിക്കണം.

24. ദർഘാസ്/ലേലം സംബന്ധിച്ച തർക്കങ്ങളുടെ കോടതി പരിധി പുനലൂർ മാത്രം ആയിരിക്കും.

പുനലൂർ ഒപ്പ്

**കമ്പനി സെക്രട്ടറി**

---

***"RPL is an environment friendly organization. It expects its customers also to contribute towards a greener Earth."***

**REHABILITATION PLANTATIONS LTD, PUNALUR - 691 305**

TENDER FORM

TENDER-CUM-AUCTION NOTIFICATION NO.**RPL/SALES/182/2024/945 DTD.22/07/2024**

**TENDER DTD .08/08/2024**

1. Name and address of the Tenderer :

2. Telephone No. :

3. GSTIN :

| Sl. No. | Item | Unit | Rate Quoted in ₹/Kg | |
|---|---|---|---|---|
| | | | Figures ( ₹ ) | Words ( Rupees ) |
| 1. | **Sludge waste ( stored in compound)** | Per Kg | | |
| 2. | **Sludge Waste (Collection from take &removal )** | Per Kg | | |

I/ We hereby accept all the terms and conditions attached herewith in connection with sale of Sludge.

Place: Signature
Date: